**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4069

16.12.2014- ൽ മറുപടിക്ക്

## കള്ള് സഹകരണ സംഘങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീമതി.കെ.കെ.ലതിക :** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് എത്ര കള്ള് സഹകരണ സംഘങ്ങൾ പ്രവർത്തിച്ച് വരുന്നുണ്ട് എന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് 49 കള്ള് സഹകരണ സംഘങ്ങൾ പ്രവർത്തിച്ച് വരുന്നു. |
| (ബി) പ്രസ്തുത സംഘങ്ങളിൽ കള്ള് വ്യവസായവുമായി ബന്ധപ്പെട്ട എത്ര കേസുകളാണ് നിലവിലുള്ളതെന്നും ആയത് ഏതൊക്കെ സംഘങ്ങളുടെ പേരിലാണെന്നും ഓരോ സംഘങ്ങൾക്കും ചുമത്തിയിരിക്കുന്ന കുറ്റങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ? | (ബി) കള്ള് വ്യവസായവുമായി ബന്ധപ്പെട്ട് കോഴിക്കോട് താലൂക്ക് കള്ള്ചെത്ത് വ്യവസായ തൊഴിലാളി സഹകരണ സംഘം ലിമിറ്റഡ് നമ്പർ ഡി. 2729 ന്റെ പേരിൽ 3 കേസുകൾ നിലവിലുണ്ട്. കള്ളിൽ ആൽക്കഹോളിന്റെ അംശം നിയമാനുസൃത അളവിനേക്കാൾ കൂടുതൽ ഉണ്ടെന്നതാണ് ചുമത്തപ്പെട്ട കുറ്റം. കോടതി മുഖാന്തിരം 'ബി' സാമ്പിൾ ടെസ്റ്റ് ചെയ്ത് കിട്ടിയ റിപ്പോർട്ട് പ്രകാരം ആൽക്കഹോൾ അളവ് കൂടുതൽ ഇല്ല എന്ന് വ്യക്തമായതിനാൽ സംഘം കോടതിയിൽ കേസ് ഡിസ്ചാർജ് ചെയ്യുന്നതിന് ഹർജി ഫയൽ ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**